ലോകബാങ്കിന്റെ സഹായത്തോടെയുള്ള അഗ്രിക്കൾച്ചർ ഓഫീസുകളുടെ പണി

1613. [2403] ശ്രീ. കെ. രാഘവൻ മാസ്റ്റർ: താഴെകാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വയനാട് ജില്ലയിൽ ലോകബാങ്കിന്റെ ധനസഹായത്തോടെ എത്ര ജൂനിയർ അഗ്രിക്കൾച്ചർ ഓഫീസുകളുടെയും ഡെമൊൺസ്ട്രേറ്റർ ഓഫീസുകളുടെയും പണി പൂർത്തിയാക്കി ;

(ബി) ഇനിയും ലോകബാങ്കിന്റെ സഹായത്തോടുകൂടി ഇത്തരത്തിലുള്ള ഓഫീസുകൾ മറ്റു ജില്ലകളിൽ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എവിടെയെല്ലാം?

ഉത്തരം

(എ) ലോകബാങ്കിന്റെ സഹായത്തോടെ നടപ്പാക്കുന്ന പരിശീലന സന്ദർശന പരിപാടിയിൻ കീഴിൽ ജൂനിയർ അഗ്രിക്കൾച്ചർ ഓഫീസുകളും ഡെമൊൺസ്ട്രേറ്റർ ഓഫീസുകളും പണിയുന്നതിന് പരിപാടിയില്ല. എന്നാൽ അഗ്രിക്കൾച്ചറൽ എക്സ്റ്റൻഷൻ യൂണിറ്റുകളിൽ പ്രവർത്തിക്കുന്ന 25% ജൂനിയർ അഗ്രിക്കൾച്ചർ ഓഫീസർമാർക്കും അഗ്രിക്കൾച്ചർ ഡെമോൺസ്ട്രേറ്റർമാർക്കും ഓഫീസ് കം റസിഡൻസ് പണിയുന്നതിന് പരിപാടിയുണ്ട്. അതനുസരിച്ച് വയനാട് ജില്ലയിൽ 3 ജൂനിയർ അഗ്രിക്കൾച്ചർ ഓഫീസർമാരുടെയും 14 അഗ്രിക്കൾച്ചർ ഡെമൊൺസ്ട്രേറ്റർമാരുടെയും ഓഫീസ് കംറസിഡൻറ്സുകളുടെയും പണി പൂർത്തിയായി.

(ബി) മറ്റെല്ലാ ജില്ലകളിലും ഇത്തരത്തിലുള്ള ഓഫീസ് കം റസിഡൻറ്സുകളുടെ പണി പൂർത്തിയാക്കിവരുന്നു.

അഗ്രികൾച്ചറൽ ഡമോൺസ്ട്രേറ്റർമാരുടെ ഓഫീസ് കം-റസിഡൻസ്

1614. [2404] ശ്രീ. സിറിയക് ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടിനൽകുമോ :

(എ) ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം കൃഷി വകുപ്പിലുള്ള അഗ്രികൾച്ചറൽ ഡെമോൺസ്ട്രേറ്റർമാരുടെ ഓഫീസ് കം റസിഡൻസിനുവേണ്ടി എത്ര കെട്ടിടങ്ങൾ നിർമ്മിച്ചിട്ടുണ്ട് ;

(ബി) ഈ കെട്ടിടങ്ങൾ ഉപയോഗപ്പെടുത്താതെ കിടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ അതിനുള്ള കാരണമെന്ത് ; എത്രയെണ്ണം ഉപയോഗിക്കാതെ കിടക്കുന്നുണ്ട് ;

(ഡി) പ്രസ്തുത കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനു ലോകബാങ്കിന്റെ ധനസഹായം കിട്ടിയിട്ടുണ്ടോ ;

(ഇ) ഈ കെട്ടിടങ്ങൾക്ക് വാടക ഈടാക്കുന്നതു എന്തുമാനദണ്ഡം വെച്ചാണ് ;

(എഫ്) പൊതുമരാമത്ത് വകുപ്പു നിശ്ചയിക്കുന്ന വാടക ഡെമോൺസ്ട്രേറ്റർമാരിൽ നിന്നും ഈടാക്കരുതെന്നും ഇൻഡ്യാപോപ്പുലേഷൻ പ്രോജക്ടിൽ സ്വീകരിക്കുന്ന മാനദണ്ഡം ഇക്കാര്യത്തിൽ സ്വീകരിക്കണമെന്നും കെ.എ.ഇ.പി. ഹൈലവൽ കമ്മിറ്റി ശുപാർശ ചെയ്തിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ജി) ഇൻഡ്യാ പോപ്പുലേഷൻ പ്രോജക്ടിൽ എന്തു മാർഗ്ഗമാണ് സ്വീകരിക്കുന്നത് എന്നറിയുമോ ;

(എച്ച്) ഉപയോഗിക്കാതെ കിടക്കുന്ന കെട്ടിടങ്ങൾ ഉടനടി ഉപയോഗിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) 347.
(ബി) ഉണ്ട്.

(സി) വൈദ്യുതി കണക്ഷൻ ലഭിക്കാനുള്ളതുകൊണ്ടും വെള്ളം കിട്ടുന്നതിനുള്ള ഏർപ്പാടുകൾ പൂർത്തിയാകാനുള്ളതുകൊണ്ടും പല കെട്ടിടങ്ങളും ഉപയോഗപ്പെടുത്താതെയുണ്ട്. കൂടുതൽ വിവരങ്ങൾ ശേഖരിച്ചു വരുന്നു.
(ഡി) ഉണ്ട്.

(ഇ) സർക്കാർ ജീവനക്കാർക്കു കാർട്ടേഴ്സ് നൽകുമ്പോൾ സ്വീകരിക്കുന്ന മാനദണ്ഡം ഇതിനും ബാധകമാണ്.

(എഫ്) ഇതിനെപ്പറ്റി പരിശോധിക്കാൻ കമ്മിറ്റി നിർദ്ദേശിച്ചിട്ടുണ്ട്.

(ജി) ഓഫീസ്-കം റസിഡൻറിന്റെ വാടക നിശ്ചയിക്കുന്ന കാര്യത്തിൽ തീരുമാനമായിട്ടില്ല എന്നറിയുന്നു.

(എച്ച്) സ്വീകരിച്ചുവരുന്നു.

വയനാട് ജില്ലാ സോയിൽ കൺസർവേഷൻ യൂണിറ്റാഫീസ്

1615. [2405] ശ്രീ. ജി. വരദൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വയനാട് ജില്ലാ സോയിൽ കൺസർവേഷൻ യൂണിറ്റാഫീസ് പ്രവർത്തനം ആരംഭിച്ചോ ;

(ബി) വയനാട് ജില്ലാ സോയിൽ കൺസർവേഷൻ യൂണിറ്റിൽ വർക്ക് സൂപ്രണ്ട് തസ്തികയിൽ നിയമിക്കുന്നതിന് പി.എസ്.സി. റാങ്ക്ലിസ്റ്റ് പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടോ ;

(സി) എങ്കിൽ എന്നാണ് റാങ്ക് ലിസ്റ്റ് നിലവിൽ വന്നത് ;

(ഡി) അതിൽ ആർക്കെങ്കിലും നിയമനം നല്കിയോ ; എങ്കിൽ എത്ര പേർക്ക് ;

(ഇ) നിയമനം നല്കിയില്ലെങ്കിൽ കാരണമെന്ത് ;

(എഫ്) ഉടനെ പ്രസ്തുത റാങ്ക്ലിസ്റ്റിൽ നിന്നും നിയമനം നടത്താൻ സത്വര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇല്ല.
(ബി) ഉണ്ട്.
(സി) വിവരം ശേഖരിച്ചുവരുന്നു.
(ഡി) ഇല്ല.
(ഇ) വയനാട് ജില്ലാ ആഫീസ് പ്രവർത്തിച്ചു തുടങ്ങാത്തതുകൊണ്ട്.
(എഫ്) ജില്ലാ ഓഫീസ് പ്രവർത്തനം ആരംഭിച്ചതിനുശേഷം ആവശ്യാനുസരണം നടപടി സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly